## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 562 — 29.11.2018 ൽ മറുപടിക്ക്

### ആറ്റുമണൽ ഇറക്കുമതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) വിദേശത്ത് നിന്ന് ആറ്റുമണൽ ഇറക്കുമതി ചെയ്യാൻ എത്ര സ്വകാര്യ കമ്പനികൾക്ക് അനുമതി നൽകിയിട്ടുണ്ട്; ഏതെല്ലാം കമ്പനികൾക്ക് എപ്പോഴാണ് അനുമതി നൽകിയത് എന്ന് വ്യക്തമാക്കാമോ;<br>(ബി) ഇതുവരെ ഏതെല്ലാം രാജ്യങ്ങളിൽ നിന്നും എത്ര ടൺ മണൽ ഇറക്കുമതി ചെയ്തിട്ടുണ്ട്; ഏത് തുറമുഖം വഴിയാണ് മണൽ ഇറക്കുമതി ചെയ്തത്; | (എ) & (ബി) 6 സ്വകാര്യ കമ്പനികൾ വിദേശത്തു നിന്നും കൊച്ചി തുറമുഖത്തേയ്ക്ക് മണൽ ഇറക്കുമതി ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. ടി കമ്പനികൾക്കുപുറമേ M/s Worlds Window Impex India Private Limited എന്ന സ്ഥാപനം മലേഷ്യയിൽ നിന്നും 44,260 മെട്രിക് ടൺ മണൽ കൊച്ചി തുറമുഖത്ത് ഇറക്കുമതി ചെയ്തിട്ടുള്ളതും ടി മണൽ മറ്റ് കമ്പനികൾക്കും വ്യക്തികൾക്കും വിൽപ്പന നടത്തിയിട്ടുള്ളതുമാണ്. |
| (സി) മണൽ ഇറക്കുമതി ചെയ്യാൻ കമ്പനികൾക്ക് മുതൽമുടക്ക് എത്രയാണ്; സർക്കാരിന് ഇത് വഴി ലഭിക്കുന്ന വരുമാനം എത്രയാണ്; വിശദമാക്കാമോ; | (സി) മണൽ ഇറക്കുമതി ചെയ്യാനുള്ള കമ്പനികളുടെ മൊത്തം മുതൽ മുടക്ക് എത്രയെന്നതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. മണൽ വില്പന വഴി മൈനിംഗ് & ജിയോളജി വകുപ്പ് മുഖാന്തിരം സർക്കാരിന് ടൺ ഒന്നിന് 4 രൂപ പ്രകാരമുള്ള ലൈസൻസ് ഫീ മാത്രമേ ലഭിക്കുന്നുള്ളൂ. കൊച്ചി തുറമുഖത്തെത്തിയ മണൽ സൂക്ഷിക്കുന്നതിന് തുറമുഖ അതോറിറ്റിക്ക് ഡമറേജ് നൽകുന്നുണ്ട്. ഇറക്കുമതി ചെയ്യുന്ന മണലിൽ ടി രാജ്യത്ത് നൽകുന്ന വിലയുടെ 5% ഇന്ത്യയിൽ കസ്റ്റംസ് ഡ്യൂട്ടിയായി അടയ്ക്കേണ്ടി വരുന്നുണ്ട്. കേരളത്തിൽ വില്പന നടത്തുന്ന ഓരോ ലോഡ് മണലിന്റെയും വിലയുടെ 5% GST ആയി അടയ്ക്കേണ്ടതുണ്ട്. |
| (ഡി) ഇറക്കുമതി ചെയ്ത മണൽ മുഴുവൻ ചെലവായിട്ടുണ്ടോ; ഇല്ലെങ്കിൽ ചെലവാകാത്ത മണൽ ഇപ്പോൾ എവിടെയാണ് കെട്ടിക്കിടക്കുന്നത്; | (ഡി) & (ഇ) ഇറക്കുമതി ചെയ്ത മണലിൽ 1 ലക്ഷത്തോളം ടൺ മണൽ ഇപ്പോഴും കൊച്ചി തുറമുഖത്ത് സ്റ്റോക്കുണ്ട്. മണൽ സ്റ്റോക്ക് ചെയ്യുന്നതിന് കൊച്ചി തുറമുഖ അതോറിറ്റി അനുവദിച്ച കാലാവധി തീർന്നതിനാൽ ഈ കാലാവധി നീട്ടി നൽകുന്ന മുറയ്ക്ക് മാത്രമേ ഡീലേഴ്സ് ലൈസൻസ് നൽകാൻ സാധിക്കൂ. അതിനാലാണ് മണൽ കൊച്ചി |

| | |
|---|---|
| (ഇ) ഇറക്കുമതി ചെയ്ത മണൽ വിറ്റഴിക്കാനാവാതെ തുറമുഖത്ത് വൻതോതിൽ കെട്ടിക്കിടക്കുന്നതിനാൽ വിദേശമണൽ ഇറക്കുമതി പദ്ധതി കമ്പനികൾ ഉപേക്ഷിച്ചു എന്ന വാർത്ത കേരളത്തിലെ മണൽക്ഷാമം തീർന്നു എന്ന സൂചനയാണോ നൽകുന്നതെന്ന് വ്യക്തമാക്കാമോ? | തുറമുഖത്തു നിന്നും നീക്കം ചെയ്യാൻ സാധിക്കാത്തത്. സ്റ്റോക്ക് ചെയ്യാനുള്ള അനുമതിയുടെ കാലാവധി തുറമുഖ അതോറിറ്റി ഉടൻ തന്നെ നീട്ടി നൽകുമെന്നാണ് അറിവായിട്ടുള്ളത്. കേരളത്തിലെ മണൽ ക്ഷാമം തീർന്നു എന്ന സൂചന നൽകുന്ന പത്രവാർത്ത ശരിയല്ല. കൃത്രിമ മണൽ വ്യാപകമായി ഉപയോഗിക്കുന്നതിനാൽ ഇറക്കുമതി ചെയ്യുന്ന മണലിന് ഇവിടെ ഡിമാന്റ് കുറവാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ. നം. | പേരും, മേൽവിലാസവും | അളവ് (മെ. ടൺ) | ഇറക്കുമതി ചെയ്ത രാജ്യം | D/L ഫീസിനത്തിൽ ലഭിച്ച തുക | തുറമുഖം | D/L അനുവദിച്ച തീയതി |
|---|---|---|---|---|---|---|
| 1 | M/s.Sun & Sands, 24/18/3C CPSA Building, 3rd Floor, CIFT Jn, Mattanchery Halt, Cochin | 43,610 | Kingdom of Cambodia | 1,74,440/- | Cochin Port | 22/6/15 |
| 2 | Dr. Jayamohan Mg. Director, M/s. Titanic India Ltd. 24/509, Essar Building, Willington Island, Ernakulam | 23,000 | ,, | 92,000/- | ,, | 24/6/15 |
| 3 | M/s.Rudhra Commodities and Energy Trades LLP, Building No.-3, Door No.24/1587, Willingdon Island, Ernakulam | 75,804 | ,, | 3,03,216/- | ,, | 7/10/15 |
| 4 | M/s.Sun & Sands, 24/18/3C CPSA Building, 3rd Floor, CIFT Jn, Mattanchery Halt, Cochin | 30,488 | ,, | 1,21,952/- | ,, | 7/7/16 |
| 5 | M/s.Rudhra Commodities and Energy Trades LLP, Building No.-3, Door No.24/1587, Willingdon Island, Ernakulam | 57,240 | ,, | 2,28,960/- | ,, | 21/10/16 |
| 6 | M/s. MRM Ramaiya Enterprises Pvt. Ltd, No.12, Thiruvakkudi, Orumpanadu P.O, Avudayarkovil (TK), Pudukkottai District, Tamilnad | 43,807 | Malaysia | 1,75,228/- | ,, | 5/12/17 |
| 7 | M/s. Oriental Exim Agency, CPOA Building, Indira Gandhi Road, Wilingdon Island, Ernakulam District | 45,000 | ,, | 1,80,000/- | ,, | 16/1/18 |
| 8 | Shri. N.S. Ganesh, EssGee Infrastructure and Trading (P) Ltd., Plot No. 49, 2nd Cross Road, Panampilly Nagar, Kochi | 2,000 | ,, | 8,000/- | ,, | 15/5/18 |